## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 516. — 28.09.2016 ലെ മറുപടിയ്ക്ക്.

**പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്.** | **ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | **പട്ടികജാതി വിഭാഗത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ**<br>1. ഭൂരഹിത പുനരധിവാസ പദ്ധതി<br>2. ഭവന നിർമ്മാണ ധനസഹായ പദ്ധതി.<br>3. പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റു വകുപ്പുകൾ ശുപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട്.<br>4. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ (51% സംസ്ഥാന വിഹിതം)<br>5. വികസന വകുപ്പിന്റെ നവീകരണവും ഇ – ഗവേണൻസ് സംരംഭവും.<br>6. പൗരാവകാശം സംരക്ഷിക്കാനും നടപ്പാക്കാനുമുള്ള പി.സി . ആർ ആക്ട് (50% സംസ്ഥാന വിഹിതം)<br>7. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖരഫണ്ട് (Critical Gap Filling Scheme)<br>8. പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ ഓഹരി മൂലധനം |

| | | | |
|---|---|---|---|
| | | | 9. പട്ടിക വിഭാഗത്തിലുള്ള ദുർബല വിഭാഗ ഉന്നമന പദ്ധതി<br>10. പട്ടികജാതി പെൺകുട്ടികൾക്കായുള്ള വിവാഹ ധനസഹായ പദ്ധതി<br>11. വെള്ളായണി - അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പരിപാലനം.<br>12. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം<br>13. തൊഴിലിനും പരിശീലനത്തിനുമായുള്ള ധനസഹായം<br>14. ബോർഡിംഗിനുള്ള ധനസഹായം<br>15. പ്രീമെട്രിക് ഹോസ്റ്റലുകളിലെ ട്യൂഷൻ പരിശീലന പരിപാടി<br>16. പ്രീപ്രൈമറി വിദ്യാഭ്യാസം<br>17. ഇന്ദിരാ ആവാസ് യോജന എസ്.സി. പി (40 % സംസ്ഥാന വിഹിതം)<br>18. സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന / എൻ.ആർ.എൽ.എം (40 % സംസ്ഥാന വിഹിതം)<br>19. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)<br>20. മരാമത്തും കെട്ടിടങ്ങളും<br>21. പ്രത്യേക ഘടക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായം<br>22. ഇന്ദിരാ ആവാസ് യോജന എസ്.സി.പി (60% കേന്ദ്രാവിഷ്കൃത പദ്ധതി.)<br>23. സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന/എൻ.ആർ.എൽ.എം -എസ്.സി.പി (60 % കേന്ദ്ര വിഹിതം)<br>24. കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ (49% കേന്ദ്ര വിഹിതം) |

| | | | |
|---|---|---|---|
| | | | 25. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% കേന്ദ്ര വിഹിതം)<br>26. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി (100% കേന്ദ്രാവിഷ്കൃത പദ്ധതി.)<br>27. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി.)<br>28. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മാതാപിതാക്കളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതി (100% കേന്ദ്രാവിഷ്കൃത പദ്ധതി.)<br>29. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം. (പോസ്റ്റ് മെട്രിക് -- 100% കേന്ദ്രാവിഷ്കൃത പദ്ധതി)<br>30. 9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി (100% കേന്ദ്രാവിഷ്കൃത പദ്ധതി.)<br>ഇതിനുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രത്യേകം അനുവദിക്കപ്പെട്ട പദ്ധതി വിഹിതം വിനിയോഗിച്ച് വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>**പട്ടിക വർഗ്ഗ വിഭാഗത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ**<br>2016 – 17 സാമ്പത്തിക വർഷത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന /കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | **പിന്നോക്ക സമുദായത്തിനായുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ**<br><br>പിന്നാക്ക സമുദായ വികസന വകുപ്പിന്റെ പദ്ധതികളുടെ പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | **പട്ടികജാതി വികസന വകുപ്പ്**<br>ബ്ലോക്ക് / ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ വഴി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയാണ് ആനുകൂല്യങ്ങൾ നല്കിവരുന്നത്. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതം വിനിയോഗിച്ച് വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളും ആനുകൂല്യങ്ങൾ നല്കി വരുന്നുണ്ട്.<br><br>**പട്ടിക വർഗ്ഗ വികസന വകുപ്പ്**<br>പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>• കോളനികളിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു.<br>• പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാവിധ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>**പിന്നോക്ക സമുദായ വകുപ്പ്**<br>ടി പദ്ധതികളുടെ ആനുകൂല്യം യഥാസമയം നൽകുന്നതിനായി പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റും മേഖലാതലത്തിൽ കോഴിക്കോട്ടും എറണാകുളത്തും ഓഫീസുകളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് പട്ടികജാതി |

| | | | |
|---|---|---|---|
| | | | വികസന വകുപ്പ് , ഐ. ടി @ സ്കൂൾ, എന്നിവരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങളെക്കുറിച്ച് അറിയാത്തതുകൊണ്ടും ആനുകൂല്യങ്ങൾ ലഭിക്കാത്തതുകൊണ്ടും ദുരിത ജീവിതം നയിക്കുന്ന പട്ടിക ജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന കണക്ക് ലഭ്യമാണോ ? | (സി) | ഇത് സംബന്ധിച്ച് കണക്കുകൾ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്